2026 ഫെബ്രുവരി

ലക്കം 11

# അമൃത്
## വാർത്താ പത്രിക





എസ്.യു.ഡി.എസ്.സി. II (GIZ ) തിരുവനന്തപുരം നഗരസഭാ അദ്ധ്യക്ഷനുമായി കൂടിക്കാഴ്ച നടത്തുന്നു



എസ്.യു.ഡി.എസ്.സി. II (GIZ ) തൃശ്ശൂർ നഗരസഭാ അദ്ധ്യക്ഷയുമായി കൂടിക്കാഴ്ച നടത്തുന്നു

അമൃത് വാർത്താ പത്രിക

ഫെബ്രുവരി 2026| പുസ്തകം 4 | ലക്കം 11



തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

ചീഫ് എഡിറ്റർ
സൂരജ് ഷാജി ഐ.എ.എസ്സ്
മിഷൻ ഡയറക്ടർ

എഡിറ്റർ
മുരളി കൊച്ചുകൃഷ്ണൻ
എൻവിയോൺമെന്റ് എക്സപർട്ട് കം
ഹൈഡ്രോ ജിയോളജിസ്റ്റ്

അസിസ്റ്റന്റ് എഡിറ്റർ
സാവിയോ സജി ഇ.ആർ.

സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ്
യൂണിറ്റ് (അമൃത്)
നാലാം നില, മീനാക്ഷിപ്ലാസാ,
ആർടെക് ബിൽഡിംഗ്,
ഗവ. ആശുപത്രിക്ക് എതിർവശം,
തൈയ്ക്കാട്, തിരുവനന്തപുരം - 695014
ഫോൺ നം. : +91-471-2323856,
ഫാക്സ് : +91-471-2322857
വെബ്സൈറ്റ് : www.amrutkerala.in
ഇമെയിൽ : smmukerala@gmail.com

*(സ്വകാര്യ വിതരണത്തിന് മാത്രം)*




# എഡിറ്റോറിയൽ

കേരളത്തിലെ നഗര തദ്ദേശ സ്ഥാപനങ്ങളിലെ അടിസ്ഥാന ഭൗതീക സൗകര്യ വികസനത്തിൽ പ്രത്യേകിച്ച് ശുദ്ധജല വിതരണ മേഖലയിലും, ദ്രവമാലിന്യ സംസ്കരണ മേഖലയിലും ശ്രദ്ധേയമായ പുരോഗതിയാണ് അമൃത് പദ്ധതികളിലൂടെ കൈവരിച്ചുകൊണ്ടിരിക്കുന്നത്. പരിമിതമായ സ്ഥല ലഭ്യതയും വർദ്ധിച്ച ജനസാന്ദ്രതയുമുള്ള നമ്മുടെ നഗരങ്ങളിൽ അടിസ്ഥാന ഭൗതീക സൗകര്യ വികസനമൊരുക്കുക ശ്രമകരമായ ഒരു ദൗത്യമാണ്.

2357.69 കോടി രൂപയുടെ 1106 പദ്ധതികളാണ് സംസ്ഥാനത്തെ 9 അമൃത് നഗരങ്ങളിലായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടത്. കേന്ദ്ര സർക്കാർ പുതിക്കിയ നിശ്ചയിച്ച സമയപരിധിയായ 2025 ഡിസംബർ 31 പിന്നിടുമ്പോൾ 2232 കോടി രൂപ ചെലവഴിച്ച് 1063 പദ്ധതികൾ പൂർത്തീകരിക്കാൻ നമുക്ക് സാധിച്ചു. വിവിധങ്ങളായ ദ്രവ മാലിന്യ സംസ്കരണ മേഖലയിലെ പദ്ധതികൾ നടപ്പിലാക്കുന്നതിലാണ് കൂടുതൽ കാല താമസം നേരിട്ടത്. പാലക്കാട് നഗരസഭയിലെ യാക്കരയിലെ എഫ്.എസ്.റ്റി.പി. പ്ലാന്റ് പൂർത്തീകരിക്കാൻ സാധിച്ചു. അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്ന ആദ്യത്തെ എഫ്.എസ്.റ്റി.പി. പ്ലാന്റാണിത്. 7.95 കോടി രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. ഈ മേഖലയിൽ കൂടുതൽ ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച് വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

അമൃത് 2.0 പദ്ധതി സംസ്ഥാനത്തെ എല്ലാ നഗര തദ്ദേശ സ്ഥാപനങ്ങളിലും നല്ല രീതിയിൽ പുരോഗമിക്കുന്നുണ്ട്. ആകെയുള്ള 737 പദ്ധതികളിൽ 132 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 650 കോടി രൂപ പദ്ധതിയ്ക്കായി ചെലവഴിച്ചു. അമൃത് 2.0 പദ്ധതിയുടെ ഘടകമായ അമൃത് മിത്ര പദ്ധതിയും മികച്ച രീതിയിലാണ് പല നഗരസഭകളും നടപ്പിലാക്കുന്നത്. കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് മികച്ച ജന പങ്കാളിത്തവും ലഭിച്ചു വരുന്നു. അമൃത് 2.0 പദ്ധതികൾക്ക് ഫണ്ട് ലഭിക്കുന്നത് വിവിധ ഘട്ടങ്ങളിലായതിനാൽ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത ഒരു നിർണ്ണായക ഘടകമാണ്. അതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി കാര്യക്ഷമതയോടെ പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

മിഷൻ ഡയറക്ടർ

അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച താനൂർ മുനിസിപ്പാലിറ്റിയിലെ കുളം





# ഉള്ളടക്കം



5 പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പരിശീലന പരിപാടി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു

6 മിഷൻ ഡയറക്ടറുടെ കൊല്ലം നഗരസഭാ അമൃത് മിഷൻ പ്രദേശങ്ങളിലെ സന്ദർശനം

7 Smt. Isha Kalia, IAS, Joint Secretary, Ministry of Housing and Urban Affairs (MoHUA) - Visit

9 പാലക്കാട്, യാക്കര - 100 കെ.എൽ.ഡി. എഫ്.എസ്.റ്റി.പി.

13 Report on the Conceptual Understanding of Integrated Watershed Management.

28 തൃശ്ശൂർ കോർപ്പറേഷൻ - അമൃത് മിത്ര




അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച വടകര മുനിസിപ്പാലിറ്റിയിലെ കുളം


അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ കുളം



# പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പരിശീലന പരിപാടി ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു



സംസ്ഥാനത്ത് പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് തൃശ്ശൂർ കിലയിൽ നടത്തുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം.ബി. രാജേഷ് നിർവ്വഹിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും ഭരണപരവുമായ കാര്യങ്ങളും സംബന്ധിച്ച കാര്യങ്ങൾ സംബന്ധിച്ച് അറിവ് പകർന്ന് നൽകലാണ് പരിശീലനം കൊണ്ട് ലക്ഷ്യമിടുന്നത്. വിവിധങ്ങളായ ജനക്ഷേമ പരിപാടികളുടെ നടത്തിപ്പിനെ സംബന്ധിച്ച കാര്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപന സംവിധാനത്തെ കുറിച്ചും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള അറിവും വളരെ വിദഗ്ദ്ധരും ഈ രംഗത്ത് അനുഭവ സമ്പത്തുമുള്ള ആളുകളുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. വിവിധ ഘട്ടങ്ങളിലായി നടക്കുന്ന പരിശീലന പരിപാടിയ്ക്കാണ് ബഹു. മന്ത്രി തുടക്കം കുറിച്ചത്. ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കില ഡയറക്ടർ തുടങ്ങിയവർ പങ്കെടുത്തു.





അമൃത് മിഷൻ
ഡയറക്ടർ കൊല്ലം
കോർപ്പറേഷനിലെ
അമൃത് പദ്ധതി പ്രദേശങ്ങൾ
സന്ദർശിക്കുന്നു.









# Smt. Isha Kalia, IAS, Joint Secretary, Ministry of Housing and Urban Affairs (MoHUA) - Visit



Smt. Isha Kalia, IAS, Joint Secretary, Ministry of Housing and Urban Affairs (MoHUA), conducted an on-field verification visit to the QUAD Project site proposed to be implemented under the SASCI initiatives on 22nd and 23rd January 2026. The visit was undertaken in the presence of Suraj Shaji, IAS, Mission Director, AMRUT, along with his team of officials.

The QUAD Project aims to strengthen urban infrastructure with a prime focus on employment generation, economic sustainability, climate resilience, and improved service delivery through integrated planning approaches. The project addresses critical urban challenges such as the provisioning of safe water supply systems, sewerage and septage management, stormwater management, and development of climate-adaptive infrastructure.

During the visit, the Joint Secretary reviewed the physical progress and quality of work outputs and held detailed discussions on adherence to statutory guidelines and timelines for completion.







Special emphasis was laid on convergence with ongoing urban missions and ensuring the long-term sustainability of assets being created.

As part of the visit, Smt. Isha Kalia, IAS, along with the AMRUT team, also inspected the newly developing area associated with the Vizhinjam Project in Thiruvananthapuram, focusing on integrating sustainable and climate-resilient urban infrastructure into future development plans.

The Joint Secretary also held a meeting with Tinku Biswal, IAS, Principal Secretary, to review ongoing urban initiatives and discuss policy-level coordination for the effective implementation of MoHUA -supported projects in the State.

She appreciated the efforts of the State Mission Management Unit and the concerned Urban Local Bodies, highlighting the importance of continuous monitoring, inter-agency coordination, and proactive planning to ensure successful project outcomes.







# പാലക്കാട്, യാക്കര – 100 കെ.എൽ.ഡി. എഫ്.എസ്.റ്റി.പി.



**അഖിൽ റ്റി.**
അർബൻ ഇൻഫ്രാസ്ട്രക്ചർ കം വാട്ടർ എക്സപർട്ട്,
സിറ്റി മിഷൻ മാനേജ്മെന്റ് യൂണിറ്റ്,
പാലക്കാട്

വാസസ്ഥലങ്ങളും വ്യാപാര മേഖലയുമടങ്ങുന്ന ഉയർന്ന ജനസാന്ദ്രതയുള്ള പാലക്കാട് നഗരസഭയ്ക്ക് മാലിന്യങ്ങളുടെ ശാസ്ത്രീയമായ സംസ്കരണം എന്നും ആശങ്ക ഉളവാക്കിയിരുന്ന വിഷയമായിരുന്നു. നഗരത്തിലെ സെപ്റ്റിക് മാലിന്യം നഗരപ്രാന്ത പ്രദേശങ്ങളിലെ ഒഴിഞ്ഞ സ്ഥലങ്ങളിലും പുഴയിലും അനധികൃതമായി ഒഴിവാക്കുന്ന പ്രവണതയാണ് നഗരത്തിൽ നിലനിന്നിരുന്നത്. മാത്രമല്ല ഇത്തരത്തിൽ സെപ്റ്റിക് മാലിന്യം ശേഖരിക്കുന്നതിനും ഒഴിവാക്കുന്നതിനും അംഗീകൃത ഏജൻസികളോ ലൈസൻസികളോ നിലവിൽ ഉണ്ടായിരുന്നില്ല. ഇത്തരത്തിൽ ഒഴിവാക്കപ്പെടുന്ന മാലിന്യങ്ങൾ പിന്നീട് കുടി വെള്ള സ്രോതസ്സുകൾ മലീമസമാക്കുകയും പരിസ്ഥിതിക്കും മനുഷ്യജീവനും ഭീഷണിയായി തീരുകയും ചെയ്യുന്ന അവസ്ഥയാണ് നിലനിന്നിരുന്നത്.

പാലക്കാട് നഗരസഭാ പ്രദേശത്തെ ഈ സാഹര്യത്തിന് ഒരു മോചനം എന്ന നിലയിലാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി യാക്കരയിൽ 100 കെ.എൽ.ഡി. എഫ്.എസ്.റ്റി.പി. സ്ഥാപിക്കുന്നതിന് തീരുമാനിച്ചത്. നൂതനവും ഫലപ്രദവുമായ മാലിന്യ നിർമാർജ്ജന പദ്ധതികൾ നടപ്പിലാക്കുവാനും മെച്ചപ്പെട്ട മാലിന്യ സംസ്കരണ രീതികൾ വളർത്തിയെടുക്കുന്നതിനുമുള്ള ആദ്യത്തെ ചുവടുവെയ്പും അഭിമാനകരമായ പദ്ധതിയുമാണ് 100 കെ.എൽ.ഡി. എഫ്.എസ്.റ്റി.പി. മാതൃക പദ്ധതി എന്ന നിലയിൽ അമൃത് പദ്ധതിയിലെ സിവറേജ് & സെപ്റ്റേജ് സെക്ടറിൽ ഉൾപ്പെടുത്തി 7.95 കോടി രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ളത്. പ്ലാന്റിന്റെ പൂർത്തീകരണത്തോടെ സെപ്റ്റിക് മാലിന്യം ശേഖരിക്കുന്നതിന് അംഗീകൃത ഏജൻസികളും ഏകീകരിച്ച ഫീസ് സംവിധാനം നിലവിൽ വന്നു. കൂടാതെ സെപ്റ്റിക് മാലിന്യത്തിൽ നിന്ന് പരിസ്ഥിതിക്കും ജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ സംസ്കരിച്ചെടുക്കുന്ന ഉപോൽപ്പന്നങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനവും നിലവിൽ വന്നു.






നഗരസഭയിൽ ഉത്പാദിപ്പിക്കപ്പെടുന്ന സെപ്റ്റിക് മാലിന്യം വിവിധ സ്ഥലത്ത് നിന്നും സാമ്പിൾ എടുക്കുകയും, ഈ സാമ്പിൾ ശാസ്ത്രീയമായി ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്താണ് മാലിന്യത്തിന്റെ കാഠിന്യം എത്രമാത്രം ഉണ്ടെന്ന് തീരുമാനിച്ചിട്ടുള്ളത്. വ്യത്യസ്ത ഇടങ്ങളിൽ നിന്നും പരിശോധനയ്ക്ക് വിധേയമാക്കിയ സാമ്പിൾ പരിശോധന രേഖ അടിസ്ഥാനമാക്കി നഗരസഭയിൽ സെപ്റ്റിക് മാലിന്യത്തിന്റെ ബി.ഒ.ഡി. (ബയോളജിക്കൽ ഓക്സിജൻ ഡിമാന്റ്) 12000 മുതൽ 18000 വരെ രേഖപ്പെടുത്തിയിട്ടുണ്ട്. ഭാവിയെ മുൻനിർത്തിയും അപ്രതീക്ഷിതമായി വരുന്ന ലോഡ് വർദ്ധനവ് വിലയിരുത്തിയും എഫ്.എസ്.റ്റി.പി. രൂപകൽപന ചെയ്യുന്നതിന്റെ അടിസ്ഥാനമായി ബി.ഒ.ഡി. 23000 ഉണ്ടാകും എന്നാണ് കരുതിയിട്ടുള്ളത്. നഗരസഭയിൽ നിലവിൽ സ്ഥിര താമസക്കാരായി ഒന്നര ലക്ഷം ജനസംഖ്യ ഉണ്ട്. വരുന്ന ഒരു വർഷത്തേയ്ക്ക് ജനസംഖ്യ മൂന്ന് ലക്ഷം ആകും എന്ന് പ്രതീക്ഷിച്ചാൽ പോലും നിലവിലെ പ്ലാന്റിന് തന്മൂലം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കാനുള്ള ശേഷി ഉണ്ട്.

മാലിന്യം ഒഴിവാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈനായി പണം അടച്ച് വാഹനം ബുക്ക് ചെയ്യാവുന്നതാണ്. ഇങ്ങനെ വിവിധ ഇടങ്ങളിൽ നിന്നും വാഹനത്തിൽ ശേഖരിക്കുന്ന സെപ്റ്റിക് മാലിന്യം എഫ്.എസ്.റ്റി.പി. യിൽ എത്തിച്ച് കളക്ഷൻ ടാങ്കിൽ നിക്ഷേപിക്കപ്പെടും ഇവിടെ നിന്നും സ്ക്രീനിംഗ് വഴി ഖര വസ്തുക്കൾ മാറ്റപ്പെടുകയും മലിന ജലം തൊട്ട് അപ്പുറത്തുള്ള





ഇക്വിലൈസേഷൻ ടാങ്കിൽ പതിക്കുകയും ചെയ്യും. തുടർന്ന് ഇക്വിലൈസേഷൻ ടാങ്കിൽ നിന്നും വെള്ളം ഒന്നാമത്തെ ഹൈബ്രിഡ് അനേറോബിക് ടാങ്കിലേയ്ക്ക് പമ്പ് ചെയ്യും. ഇവിടെ ഓക്സിജൻ ഉപയോഗിക്കാതെ ബാക്ടീരിയ വെള്ളത്തിൽ അടങ്ങിയിട്ടുള്ള ഓർഗാനിക് പദാർത്ഥങ്ങൾ ഉടച്ച് അവയെ വെള്ളവും മീഥേൻ പോലെയുള്ള വാതകവും ആയി തരം തിരിക്കും. 70% അകത്തേയ്ക്ക് വരുന്ന ബി.ഒ.ഡി. ഇവിടെ കുറയും ഒന്നാമത്തെ ഹൈബ്രിഡ് അനേറോബിക് ടാങ്കിൽ നിന്നും രണ്ടാമത്തെ ഹൈബ്രിഡ് അനേറോബിസി ടാങ്കിലേയ്ക്ക് വെള്ളം പോകുകയും വീണ്ടും 70% ബി.ഒ.ഡി. ഇവിടെ കുറയുകയും ചെയ്യും. തുടർന്ന് വെള്ളം ഒന്നാമത്തെ സികവെൻഷൽ ബാച്ച് റിയാക്ടറിലേയ്ക്ക് വന്നു പതിക്കും. ഇവിടെ ബാക്ടീരിയ ഓക്സിജൻ ഉപയോഗിച്ച് ഓർഗാനിക് പദാർത്ഥങ്ങൾ ഒഴിവാകുകയും 90% ബി.ഒ.ഡി. കുറയുകയും ചെയ്യും. തുടർന്ന് രണ്ടാമത്തെ സികവെൻഷൽ ബാച്ച് റിയാക്ടറിലേയ്ക്കും അവിടെന്ന് സാൻഡ് ഫിൽറ്റർ കാർബൺ ഫിൽറ്റർ തുടങ്ങിയവയിലൂടെ ഡിസെൻഫെക്ഷനും കഴിഞ്ഞു വെള്ളം



പുനരുപയോഗത്തിന് ലഭ്യമാകും. സംസ്കരിച്ച വെള്ളത്തിന്റെ ബി.ഒ.ഡി. 10 ൽ താഴെ മാത്രമാകും. അകത്തേയ്ക്ക് വരുന്ന മലിനജലത്തിന്റെയും പുറത്തേയ്ക്ക് പോകുന്ന സംസ്കരിച്ച ജലത്തിന്റെയും ഗുണനിലവാരം കൃത്യമായി ഒ.സി.ഇ.എം.എസ്. സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി രേഖപ്പെടുത്തി സൂക്ഷിക്കുവാനുള്ള സൗകര്യവും പ്ലാന്റിൽ ഒരുക്കിയിട്ടുണ്ട്.

എഫ്.എസ്.റ്റി.പി. പ്രവർത്തനത്തിന് പ്രതിദിനം 160 യൂണിറ്റ് വൈദ്യുതി വേണ്ടിവരുന്നതാണ്. ഈ വരുന്ന ചെലവ് ഒഴിവാക്കുന്നതിനായി എഫ്.എസ്.റ്റി.പി.യോട് ചേർന്ന് 100 കിലോ വാട്ട് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുകയും ഇതിൽ നിന്നും 200 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുകയും ചെയ്യുന്നുണ്ട്. വൈദ്യുതി ഇല്ലാത്ത സാഹചര്യത്തിൽ അടിസ്ഥാന പ്രവർത്തനങ്ങൾക്ക് വരാതിരിക്കുവാനായി 30 കിലോ വാട്ട് ബാറ്ററി സ്റ്റോറേജ് നൽകുകയും ചെയ്തിട്ടുണ്ട്. ജനറേറ്റർ ഉപയോഗം മൂലമുണ്ടാകുന്ന കാർബൺ എമിഷൻ കുറയ്ക്കുവാനും റിന്യൂവബിൾ എനർജി സംവിധാനം ഒരുക്കി മാതൃക എഫ്.എസ്.റ്റി.പി. ആകുവാനും ഈ പ്രവർത്തി മൂലം സാധിച്ചിട്ടുണ്ട്.

സെപ്റ്റേജ് ഉറവിടത്തിൽ നിന്ന് ശേഖരിക്കാനും, എഫ്.എസ്.റ്റി.പി. യിൽ എത്തിക്കുവാനുമായി രണ്ട് വാഹനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. സെപ്റ്റിക് മാലിന്യം വലിച്ചെടുക്കുന്നതിനും, തടസ്സങ്ങളുണ്ടെങ്കിൽ റോബോട്ടിക് സംവിധാനത്തിലൂടെ അവ നീക്കം ചെയ്ത് മാലിന്യം ശേഖരിക്കുന്നതിനും ഈ വാഹനങ്ങൾക്ക് സാധിക്കും. കൂടാതെ ഡ്രെയിനേജ് സംവിധാനങ്ങൾ ബ്ലോക്കായാൽ അവ ജെറ്റിംഗ് പ്രക്രീയയിലൂടെ ക്ലിയർ ചെയ്യുന്നതിനുള്ള സംവിധാനവും ഈ വാഹനങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

എഫ്.എസ്.റ്റി.പി. യിൽ നിന്നും സംസ്കരിച്ച് ലഭിക്കുന്ന ജലം നഗര സൗന്ദര്യ വത്ക്കരണത്തിന്റെ ഭാഗമായി മാലിന്യ മുക്തമാക്കി ചെടികൾ വച്ച് പരിപാലിക്കുന്ന സ്ഥലങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കും. എഫ്.എസ്.റ്റി.പി. യോട് അനുബന്ധമായി ഒരു നഴ്സറി സ്ഥാപിക്കുന്നതിന് നഗരസഭ പദ്ധതിയിടുന്നു. ഇവിടുത്തെ ചെടികൾ നനയ്ക്കുവാനും ഈ ജലം ഉപയോഗിക്കാനാകും. സോളാർ പാനലിന്റെ ശുചീകരണത്തിനും പ്ലാന്റിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചുവരുന്നു.

വർദ്ധിച്ചു വരുന്ന ജനസംഖ്യ നിരക്കും, വില്ല, ഫ്ളാറ്റ് സംവിധാനങ്ങളും കേരളത്തിന്റെ പാരിസ്ഥിതിക വശങ്ങളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങൾ കുറയ്ക്കുവാനും മാലിന്യം ഒഴിവാക്കുവാനും വേണ്ടി കേരള സർക്കാർ കേരളത്തിൽ ഉടനീളം ഇത്തരത്തിൽ സംസ്കണ പ്ലാന്റുകൾ സ്ഥാപിക്കുവാനും തന്മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുവാനും ശ്രമിക്കുന്നുണ്ട്. ഏറെ കാലത്തെ ശ്രമഫലമായാണ് ഈ ദൗത്യം പാലക്കാട് നഗരസഭയ്ക്ക് പൂർത്തീകരിക്കാൻ സാധിച്ചത്. കേരളത്തിലെ അഞ്ചാമത്തെ എഫ്.എസ്.റ്റി.പി. പ്ലാന്റാണ് പാലക്കാട് പൂർത്തീകരിച്ചത്. അമൃത് പദ്ധതിയിൽ നിർമാണം പൂർത്തീകരിച്ച ആദ്യത്തെ എഫ്.എസ്.റ്റി.പി. യും. ഇതാണ്.





# Report on the Conceptual Understanding of Integrated Watershed Management.



**MURALI KOCHUKRISHNAN**
Environmental Expert cum
Hydrogeologist,
State Mission Management Unit,
AMRUT

**What is a watershed?**

A watershed is the total land and water area, from where the rainfall runoff drains into any water body, be it a stream, river, lake or ocean. It may be a nearly flat area or include hills or mountains. It is considered to be synonymous with a drainage basin and catchment area. Watersheds are separated from each other and the boundaries are known as watershed boundaries. ***Watershed is a land area, which drains the surface runoff through a single outlet. Typically, watershed area consists of a ridgeline, a network of streams and an outlet at the lower end of it. The ridgeline (or) watershed boundary separates one watershed from another and is a natural boundary that is formed by the topography of the landscape.***




Figure: 1 Delineation of a watershed

**Back ground:**

Watershed management is a comprehensive approach to manage and protect the natural resources in a specific geographical area of a watershed. It involves integrated planning, conservation of natural resources, and sustainable use of land, water, and vegetation. It works towards both protecting and enhancing the quality of natural resources like land and water.

Watershed management in India has its roots in the country's long tradition of conserving water. In the past, people in India uses various traditional methods like **stepwells, tanks (reservoirs), and old-style irrigation tecqniques to collect, store, and use water** for farming and daily needs. However, in the **20th century**, problems like **water shortage, soil erosion, deforestation, and land damage** started increasing due to rising population, more farming, and poor land use practices. In the **1950s**, India began its first official watershed management programme called the **'Community Development Program'**, which focused on **soil and water conservation**. Later, in the **1980s**, the Indian government started the **'Watershed Development Project'**. Over time, the approach to watershed management in India has shifted from being **government -controlled** to becoming more **community-based and participatory integrated watershed development processes**.




**Figure: 1 A Delineation of a watershed**

**Objectives of Watershed Management:**

**Water Resource protection:**

Watershed management focuses on conserving and augmenting water resources within the natural drainage area. It aims to improve the quantity, quality, timing, and reliability of surface and groundwater.

- Promotes in-situ moisture conservation, check dams, percolation tanks, and farm ponds to reduce runoff and increase storage.
- Reduces non-point source pollution and contamination from agricultural chemicals, sewage, and solid waste through better land-use and waste management.
- Maintains environmental flows in streams and rivers to support downstream needs and aquatic life.
- Encourages conjunctive use of surface and groundwater to avoid over-extraction of any single source.

**Soil conservation:**

Watershed management integrates soil and water conservation to maintain land productivity and prevent land degradation.

- Controls sheet, rill, and gully erosion through contour bunding, contour ploughing, terracing, vegetative barriers, and check dams.
- Reduces sediment load into streams, tanks, and reservoirs, thereby prolonging their storage life and reducing siltation.
- Enhances soil structure, organic matter, and nutrient status through mulching, cover cropping, green manuring, and organic amendments.
- Promotes integrated nutrient management to sustain soil fertility and crop yields.

**Sustainable land use:**

Watershed management promotes land use according to land capability and suitability, avoiding misuse and overexploitation.

- Encourages conservation agriculture, crop rotation, mixed cropping, and minimum tillage to protect soil and water.
- Promotes agroforestry, silvipasture, and horticulture on marginal and degraded lands to provide multiple benefits (fuel, fodder, timber, fruits, and carbon sequestration).
- Introduces rotational and controlled grazing to prevent overgrazing and support regeneration of vegetation.
- Integrates land-use planning with slope, soil type, rainfall, and socio-economic needs to achieve optimal productivity without ecological damage.

**Groundwater recharge:**

Enhancing groundwater storage is a core objective of watershed programmes, especially in semi-arid and water-stressed regions.

- Implements recharge structures such as percolation ponds, recharge shafts, injection wells, contour trenches, and nala bunds.
- Increases infiltration by improving soil structure, vegetative cover, and reducing surface sealing.
- Reduces peak runoff and flash floods while promoting baseflow in streams during lean seasons.
- Aims to stabilise and revive wells, reduce groundwater depletion, and support drought-proofing of agriculture and rural water supply.

**Ecosystem restoration:**

Watershed management treats the watershed as an ecological unit and works to restore its natural balance.

- Protects and regenerates forests, scrublands, and riparian vegetation to stabilise slopes and enhance biodiversity.
- Restores degraded commons, wetlands, and stream corridors to revive habitat connectivity and ecological functions.
- Enhances ecosystem services such as carbon sequestration, pollination, groundwater recharge, micro-climate regulation, and nutrient cycling.
- Reduces human–wildlife conflict and supports sustainable livelihoods from non-timber forest products, eco-tourism, and sustainable harvesting.

**Community Engagement:**

People's participation is central to planning, implementation, and maintenance of watershed works.

- Uses participatory rural appraisal (PRA)/ Rapid rural/urban appraisal and village/ward meetings to identify local problems, priorities, and traditional knowledge.
- Builds local institutions like watershed committees, user groups, and self-help groups for planning, execution, and operation & maintenance.
- Promotes cost-sharing, labour contribution (shramdaan), and benefit-sharing to create ownership and accountability.
- Encourages coordination among communities, PRIs, line departments, NGOs, and private sector to ensure convergence of schemes and resources.
- Ensures capacity-building and training of local stakeholders for long-term sustainability.

**Principles and Procedures of Watershed Management:**

**Holistic approach:**

Watershed management must integrate all key components of the resource system rather than treating them in isolation.

- Considers the inter-linkages between land, water, vegetation, livestock, and human activities.
- Plans for both upstream and downstream impacts, including flood regulation, sediment transport, and water allocation.
- Integrates sectors such as agriculture, forestry, rural development, drinking water, and livelihoods within one framework.
- Aligns physical interventions with socio-economic and institutional measures for lasting impact.

**Single system approach:**

Watershed is treated as a hydrological unit rather than an administrative unit.

- Planning boundaries follow natural drainage divides instead of village, panchayat, city or district boundaries.

- Recognises that interventions at the ridge affect water availability and sediment load in the valley.
- Facilitates coordinated action among multiple administrative units falling within the same watershed or micro-watershed.
- Supports scientific monitoring of hydrological responses (runoff, infiltration, recharge) at the unit level.

**Long-term perspective:**

Watershed management is a long-duration process, not a one-time project.

**Emphasises phased planning:**

short-term (1–3 years), medium-term (5–10 years), and long-term (>10 years) interventions.

- Prioritises capacity-building, institution-building, and behaviour change alongside physical works.
- Focuses on resilience to climate variability (droughts, intense rainfall events) and future demographic pressures.
- Ensures long-term maintenance plans and financial mechanisms for upkeep of assets created.

**Management of available resources:**

Efficient use and conservation of all available natural, financial, and human resources is essential.

- Promotes rainwater harvesting, efficient irrigation methods (drip, sprinkler, micro-irrigation), and water-saving agronomic practices.
- Encourages recycling and reuse of water (e.g., treated wastewater for irrigation) where feasible.
- Optimises use of local materials (stones, earth, vegetation) and local labour to reduce costs.
- Integrates government schemes, CSR funds, and community contributions for resource pooling and convergence.

**Sustainable Development:**

Watershed management aligns with the principles of sustainability by balancing ecological, economic, and social objectives.

- Protects critical natural resources such as water, soil, forests, and biodiversity from irreversible degradation.
- Promotes livelihood diversification (agro-based enterprises, value addition, off-farm activities) without overexploiting natural resources.
- Encourages climate-smart agriculture and low external-input systems to reduce environmental footprints.
- Ensures inter-generational equity so that resource use by present communities does not compromise future needs.

**Flexibility:**

Watershed management must be adaptive and responsive to changing conditions and new information.

- Allows modification of plans based on monitoring results, community feedback, and emerging challenges (e.g., climate extremes, market changes).
- Adopts location-specific technologies and designs suited to local geology, soil, slope, rainfall, and socio-economic realities.
- Encourages pilot projects and innovations, scaling up what works and discontinuing what fails.
- Builds learning mechanisms into the programme through regular review, evaluation, and knowledge sharing.

**Social justice:**

Equity and inclusion are fundamental to the success and legitimacy of watershed programmes.

- Ensures fair distribution of benefits between ridge and valley, upstream and downstream users, and different landholding classes.
- Prioritises the needs of small and marginal farmers, landless labourers, women, and vulnerable groups in planning and benefit-sharing.
- Protects common property resources and access rights, preventing elite capture of improved land and water resources.
- Promotes transparent decision-making, grievance redressal, and representation of all social groups in watershed institutions.




**Figure:2 Procedures of Watershed Plan**

## Characteristics of Watershed:




**Figure:3 Characteristics of a watershed**

## Characteristics of a Watershed:

Watersheds (catchments or drainage basins) are natural hydrological units where all water, sediments, and nutrients drain to a common outlet such as a river, lake, estuary, or ocean. They form the basic unit for planning flood risk reduction, groundwater recharge, river rejuvenation, and climate-resilient urban and rural development.

For analytical purposes, watershed characteristics are generally grouped into:

1. **Physical characteristics**
2. **Hydrological characteristics**
3. **Climatic characteristics**
4. **Socio-economic characteristics**

In addition, three cross-cutting attributes are crucial for integrated watershed management (IWM): boundary definition, drainage patterns, and hydrological connectivity.




**Figure:4 Defined Characteristics of Watershed**

## Boundary definition:

- The watershed boundary follows the topographic divide or ridgeline, typically along hills, mountains, or elevated terrain. It marks the locus of points where surface water diverges, flowing into the watershed on one side and into adjacent basins on the other.
- Delineation uses topographic maps, Digital Elevation Models (DEMs), and GIS tools to accurately identify divides and flow directions. This precision is essential for hazard mapping, urban planning, and hydraulic/hydrologic modelling.




***Figure: 5 Delineation of Watershed by taking contours and various stream order flows***



**Figure:6 Digital Elevation model of a watershed**

* ***Example (Kerala): In the Western Ghats, ridgelines separate coastal and inland watersheds, directing monsoon runoff either westwards to the Arabian Sea or eastwards into Peninsular River systems.***

## 1. Physical characteristics of a watershed:

Physical characteristics determine how a watershed receives, stores, and routes water and sediments.

**Size:** Watersheds range from very small micro-catchments to large river basins. Larger catchments generally produce greater runoff volumes and have more complex internal

variability, while smaller ones respond more quickly and uniformly to storms.

**Shape:** Basin shape (circular, fan-shaped, elongated, pear-shaped, etc.) influences the synchronisation of runoff from tributaries.

**Circular basins:** More simultaneous arrival of flows at the outlet, leading to sharper flood peaks.

**Elongated basins**: Longer travel times, more attenuated hydrographs and relatively lower peak discharge for a given storm.

**Length:** The length of the main channel from headwaters to outlet controls travel time and influences both the timing and form of the discharge hydrograph.

**Slope:** Slope is the change in elevation per unit length (slope $=\Delta h/L$).

**Steep slopes**: Rapid runoff, higher erosion potential, flashier hydrographs.

**Gentle slopes:** Higher opportunity for infiltration and storage, reduced erosion, and delayed peak flows. Slope can be subdivided into classes for different sub-watersheds or terrain units.

**Drainage Area:** The total area $A$ draining to the outlet is a fundamental variable; for a given rainfall depth $P$, potential runoff volume is approximately $V=A\times P$, adjusted for losses (infiltration, interception, storage). It is a key input to hydrologic models.

**Drainage density:**

Defined as total length of streams divided by watershed area.

- **High drainage density:** Faster concentration of flow, steeper rising limbs in hydrographs, more erosion potential.
- **Low drainage density:** Slower response, more infiltration and storage.

Overall relief, presence of mountains, plateaus, valleys, canyons, and natural depressions shape flow paths, sediment transport, and storage zones (e.g., wetlands, oxbow lakes).

**Drainage pattern:**

**Dendritic:** Tree-like pattern on relatively uniform materials.

**Trellis:** Parallel streams with short tributaries joining at right angles, often in folded terrains.

**Radial:** Outward flow from a central high point, such as a volcano or dome.

**Rectangular:** Strongly controlled by jointing and faulting in the bedrock. These patterns reflect structural and lithological controls and are useful in geo-morphological interpretation.

- Watersheds exhibit hierarchical drainage networks where smaller first-order headwater streams collect overland flow, progressively joining to form higher-order streams and a main trunk river.
- Drainage patterns (dendritic, trellis, radial, rectangular) are controlled by geology, structure, and topography and strongly influence flood propagation and sediment delivery.
- Elongated watersheds tend to spread runoff over time, moderating peak flows, while more circular basins can generate sharper, higher flood peaks for the same rainfall.
- Hydrological connectivity links upstream sources with downstream sinks. Changes in land use (deforestation, urbanisation, quarrying) in any sub-basin propagate impacts downstream in the form of altered runoff, increased sedimentation, pollution loads, and modified baseflows.
- This connectivity underpins Integrated Watershed Management (IWM) and river rejuvenation initiatives (e.g., AMRUT, urban river management plans in Kerala).




**Figure: 7 Various Drainage Patterns**

**Soil types:**

- Sandy and loamy soils: Higher infiltration, lower surface runoff, favourable for recharge.
- Clayey and compacted soils: Low infiltration, higher surface runoff and erosion risk. Soil depth, texture, structure, and permeability collectively influence infiltration, storage, and plant growth.

**Vegetation Cover:** Forests, grasslands, agroforestry, and plantations intercept rainfall, promote infiltration, reduce raindrop impact, stabilise slopes, and regulate evapotranspiration, thereby moderating both floods and low flows.

**Geology:** Bedrock type, fracturing, and weathering control groundwater occurrence, storage, transmissivity, and slope stability. Hard, fractured rocks in the Western Ghats, for example, host local aquifers, while soft sediments may enhance storage but increase erosion.

**Aquatic ecosystems and natural features:** Rivers, streams, ponds, wetlands, waterfalls, and riparian zones enhance biodiversity, provide natural filtration, and act as storage and buffering systems within the watershed.

**2. Hydrological characteristics of a watershed:**

Hydrological characteristics describe how water moves, is stored, and changes in quality within the watershed.

**Precipitation:** Total amount, intensity, duration, and seasonal distribution of rainfall (or snow where relevant) form the primary input. In monsoon-dominated regions like Kerala, intense short-duration events significantly influence flash floods and landslides.

**Runoff:** The portion of precipitation that flows over the land surface and through channels to the outlet. It depends on rainfall characteristics, soil moisture, land cover, slope, and land use (e.g., impervious urban surfaces). Runoff controls flood volumes and peak discharges.

